LIBRARY ARCHIVES Kerala Legislative Assembly

വനമേഖലയുടെ ഭൂപടങ്ങൾ തയ്യാറാക്കൽ

103 [1236] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക ജി.ഐ.എസ്. സംവിധാനം ഉപയോഗിച്ച് സംസ്ഥാന വനമേഖലയുടെ ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) വനംവകുപ്പിൽ ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ജി.ഐ.എസ്. എപ്പോഴാണ് സ്ഥാപിച്ചത്;

(ഡി) ഇതിലേക്ക് എത്ര തുക ചെലവു വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സാറ്റലൈറ്റ് ഇമേജറി പോലുള്ള ആധുനിക സംവിധാനങ്ങളുപയോഗിച്ച് വനപ്രദേശങ്ങളുടെ വിസ്തൃതി നിർണ്ണയിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ നിലവിലുള്ള വനഭൂമി എത്ര ചതുരശ്ര കിലോമീറ്ററാണെന്ന് കൃത്യമായി കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.ഐ.എസ്. സംവിധാനം ഉപയോഗിച്ച് സംസ്ഥാന വനമേഖലയുടെ ഭൂപടങ്ങൾ തയ്യാറാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) 1998-ലാണ് ജി.ഐ.എസ്. സ്ഥാപിച്ചത്.

(ഡി) 98.57 ലക്ഷം രൂപ ചെലവു വന്നിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

വീണ് കിടക്കുന്ന മരങ്ങൾ നശിച്ചുപോകാതെ ലേലം ചെയ്യുന്നതിന് നടപടി

104 [1237] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
„ ജോസഫ് എം. പുതുശ്ശേരി:
„ സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിൽ കോടിക്കണക്കിന് രൂപ വിലമതിക്കുന്ന മരങ്ങൾ വീണ് നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിവർഷം ഇപ്രകാരം എത്ര കോടി രൂപയുടെ തടികളാണ് നശിച്ചുപോകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ;